# മാതംഗീ സപ്തസ്വരകീർത്തനം

(പൂന്താനം)

മാതംഗീ ജയ ഭഗവതി ജയ ജയ
ജയ ജയ ഭഗവതി നീയേ ശരണം

സരസിജനയനേ പരിമള ഗാത്രീ
സുരജനവന്ദ്യേ ചാരുപ്രസന്നേ
കരുണാപൂര തരംഗമതായൊരു
മാതംഗീ ജയ ഭഗവതി ജയ ജയ 1

രീതികളെല്ലാം നീതിയിൽ നൽകും
മംഗള രൂപേ ചേതസ്സിങ്കൽ
ജാതകുതുകം നടമാടീടിന
മാതംഗീ ജയ ഭഗവതി ജയജയ 2

ഗളതലവിസിനതാലികൾ മാലക-
ളകമേകാണ്മതിനരുളുക ദേവീ
വിലസിന മധുമൊഴി കേൾക്കാകേണം
മാതംഗീ ജയ ഭഗവതി ജയ ജയ 3

മദനച്ചൂടു പൊറുക്കരുതാഞ്ഞി-
ട്ടാദരവോടെ വന്നൊരു ദൈത്യനെ
വേദനയോടെ യമപുരി ചേർത്തൊരു
മാതംഗീ ജയ ഭഗവതി ജയ ജയ 4

പരിചിൽ പാടും നാദം കൊണ്ടും
ത്രിഭുവനമഖിലം മോഹിപ്പിക്കും
ഗിരിവരകന്യേ സുലളിതവക്ത്രേ
മാതംഗീ ജയ ഭഗവതീ ജയ ജയ 5

ധാത്രിയിലമ്പൊടു നടമാടീടിന
ചിത്രമതായൊരു സാരഥിയോടും
വൃത്രാരീശനെ മുമ്പാക്കീടിന
മാതംഗീ ജയ ഭഗവതീ ജയ ജയ 6

http://www.vaikhari.org

**നി**ടിലേ വിലസിന തിലകം കൊണ്ടും
തടമുല മദ്ധ്യേ മാലകൾ കൊണ്ടും
കടിതടവിലസിന പീതാംബരവും
മാതംഗീ ജയ ഭഗവതി ജയ ജയ 7

**സാ**രമതായൊരു സപ്തസ്വരമിതു
നേരേ ചൊല്ലി സ്തുതി ചെയ്‌വോർക്കിഹ
നേരേ പാർത്തു പ്രസാദിച്ചീടുക
മാതംഗീ ജയ ഭഗവതി ജയ ജയ 8

http://www.vaikhari.org